# K. S. T. ഡ്രൈവേഴ്സ് യൂണിയൻ

സുൽത്താൻ ബത്തേരി യൂണിററ്

# 7-ാമത് വാർഷിക റിപ്പോർട്ട് 1983

യൂനിവേർസൽ പ്രിൻേറഴ്സ്, ചാത്തമംഗലം.

# K. S. T. ഡ്രൈവേഴ്സ് യൂനിയൻ സുൽത്താൻ ബത്തേരി. ഏഴാമത് വാർഷിക റിപ്പോർട്ട് 1983.

കേരളാ സ്റ്റേയിററ് ട്രാൻസ്പോർട്ട് ഡ്രൈവേഴ്സ് യൂനിയൻ സുൽത്താൻ ബത്തേരി യൂനിററിൻെറ ഏഴാമത് വാർഷിക ജനറൽ ബോഡിയിൽ സംബന്ധിക്കുവാനെത്തിയ നിങ്ങൾക്കെല്ലാവർക്കും എൻെറ ഹൃദയംഗമായ സ്വാഗതം ആദ്യമായി പറഞ്ഞുകൊള്ളട്ടെ.

നമ്മുടെ യൂനിയൻെറ ആറാമത് വാർഷിക ജനറൽ ബോഡിയിൽ സംസ്ഥാന വൈസ് പ്രസിഡണ്ട് സർവ്വശ്രീ എം. എ. ബേബി അവർകളുടെ മഹനീയ അദ്ധ്യക്ഷതയിൽ 1982 ഏപ്രിൽ 4ാം തിയ്യതി രാത്രി 9 മണിക്ക് ആഡ്രോസ് നഗരിയിൽ വെച്ച് നടത്തുകയും 1981-82 ലേക്കുള്ള യൂനിയൻ ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു. നടപ്പുവർഷത്തിൽ പതിനേഴ് ജനറൽ ബോഡികളും ആറ് ജില്ലാഎക്സിക്യൂട്ടീവ് യോഗങ്ങളുംനടത്തുകയുണ്ടായി.

## യൂനിയൻെറ പ്രവർത്തന പുരോഗതി

കഴിഞ്ഞ വർഷം ബത്തേരി യൂനിററിനെ സംബന്ധിച്ച് വളരെ യാതനകൾ അനുഭവിച്ച വർഷമായിരുന്നു. കാരണം വയനാടൻ കമ്പനി സുൽത്താൻ ബത്തേരി–തിരുവനന്തപുരം എക്സ്പ്രസ്സ് നിർത്തലാക്കൽ, പുതിയ സ്ഥലം വാങ്ങി ഓഫീസ് നിർമ്മിക്കൽ എന്നീ കാര്യങ്ങളെ കൊണ്ട് സാമ്പത്തികമായും മററു പല പ്രശ്നങ്ങൾ കൊണ്ടും വിഷമം പിടിച്ച വർഷമായിരുന്നു. അതിനെയെല്ലാം രമ്യമായ രീതിയിൽ കൈകാര്യം ചെയ്തു മററുള്ള യൂനിയനുകളുടെ മുമ്പിൽ ധീരതയോടെ നില്ക്കുവാൻ കരുത്തുള്ള ഒരു യൂനിററായി മാററുവാൻ സാധിച്ചിട്ടുണ്ട്.

കഴിഞ്ഞ ജനറൽബോഡിയിൽ ഖജാൻജിയായിതെരഞ്ഞെടുത്ത ശ്രീ. സി.കെ. ബീരാൻ കോയക്ക് ചില സാങ്കേതിക ബുദ്ധിമുട്ടുകൾ നേരിട്ടതിനാൽ പ്രസ്തുത സ്ഥാനത്തു നിന്നു് രാജിവെക്കുകയും പകരം 28-8-82 ന് കൂടിയ ജനറൽ ബോഡിയിൽ വെച്ച് എ. കെ. പവീറിനെ ഏകകണ്ഠമായി തെരെഞ്ഞെടുത്തു. ബത്തേരി പഞ്ചായത്ത് ബസ്സ് സ്റ്റാൻറിൽ ബസ്സുകൾ കയററിയിറക്കുവാൻ വളരെ വിഷമം നേരിട്ടതു കൊണ്ട് പഞ്ചായത്ത് പ്രസിഡണ്ടിനെയും എന്നു വേണ്ട എല്ലാ ഉദ്യോഗസ്ഥന്മാരെയും യൂനിയൻ വിവരങ്ങൾ അറിയിക്കുകയും പഞ്ചായത്ത് സ്റ്റാൻറ് ബഹിഷ്കരണം നടത്തുകയുണ്ടായി. ഏതാണ്ട് ഒരു മാസക്കാലത്തോളം ബസ്സുകൾ പഞ്ചായത്ത് സ്റ്റാൻറിൽ കയററാതെ ഓട്ടുകയുണ്ടായി. പഞ്ചായ

ത്തിൻെറയും പോലീസ് ഉദ്യോഗസ്ഥന്മാരുടെയും പ്രവർത്തന ഫലമായി സ്റ്റാൻറിലേക്ക് കടക്കുന്ന ഭാഗം ബിൽഡിംഗ് പൊളിച്ച് വീതി കൂട്ടിയതിന്നു ശേഷം നമ്മുടെ യൂനിയനെ അറിയിക്കുകയും യൂനിയൻ ഭാരവാഹികൾ സ്ഥലം പരിശോധിച്ചതിനു ശേഷം സ്റ്റാൻറിലൂടെ സർവ്വീസ് പുനരാരംഭിക്കുകയും ചെയ്തു. അത് യൂനിയൻെറ വമ്പിച്ച ഒരു നേട്ടമായി നമുക്ക് കണക്കാക്കാവുന്നതാണ്.

കഴിഞ്ഞ അസംബ്ലി തെരെഞ്ഞെടുപ്പിൽ നമ്മുടെ സ്റ്റെയിററ് പ്രസിഡണ്ട് ബഹു. ആർ. ബാലകൃഷ്ണപിള്ള ജയിക്കേണ്ടത് യൂനിയനെ സംബന്ധിച്ചിടത്തോളം ഒരത്യാവശ്യമായതു കൊണ്ട് കേന്ദ്രകമ്മററിയുടെ നിർദ്ദേശപ്രകാരം മെമ്പർമാരിൽനിന്നു് ചെറിയ തോതിൽ പിരിവെടുക്കുകയും കിട്ടിയ സംഖ്യ കൊട്ടാരക്കരയിൽ കൂടിയ സ്റ്റെയിററ് എക്സിക്യൂട്ടീവിൽ വെച്ച് കൊടുക്കുകയുണ്ടായി.

യൂനിയൻ പുതുതായി വാങ്ങിയ സ്ഥലത്ത് ഒരു താല്ക്കാലിക ഓഫീസ് പണിയുകയും മാത്രമല്ല മാസത്തിൽ 175 രൂപാ വാടകക്ക് വാങ്ങിയ ഓഫീസ് തിരിച്ച് കൊടുക്കുകയും ചെയ്തു കൊണ്ട് യൂനിയനു് കുറഞ്ഞ തോതിൽ സാമ്പത്തിക നേട്ടം ഉണ്ടാക്കുവാൻ സാധിച്ചിട്ടുണ്ട്.

പുതുതായി സക്കാർ കൊണ്ടുവന്ന വയനാടൻ കമ്പനിക്കെതിരെ കേന്ദ്ര നിർദ്ദേശപ്രകാരം തിരുവനന്തപുരത്ത് വെച്ചു നടത്തിയ ധണ്ണയിൽ ഈ യൂനിററിൽ നിന്നു് പത്തു മെമ്പർമാരെ അയക്കുവാൻ സാധിച്ചു. വയനാടൻ കമ്പനിക്കെതിരായി ബത്തേരി യൂനിററിലും ഒരു ഗംഭീര പ്രതിഷേധ യോഗവും നടത്തി യോഗത്തിൽ നെയ്യാററിൻകരയൂനിററ് പ്രസിഡണ്ട് അഡ്വ: തലയിൽ കേശവൻ വയനാടൻ കമ്പനിക്കെതിരായി സുദീർഘമായ ഒരു പ്രസംഗം നടത്തി.നമ്മളെ സംബന്ധിച്ചിടത്തോളം ഒററക്കുള്ള ഈ പ്രതിഷേധ യോഗം വമ്പിച്ച ഒരു വിജയമായിരുന്നു.

## യൂനിയൻെറ ശക്തി

ഈ ഡിപ്പോവിൽ 226 ഡ്രൈവർമാരും 4 വെഹിക്കിൾ സൂപ്രവൈസർമാരും ഉണ്ട്. ഇതിൽ 204 ഡ്രൈവർമാരും 3വെഹിക്കിൾ സൂപ്രവൈസർമാരും നമ്മുടെ യൂനിയനിൽ മെമ്പർമാരാണ്. നമ്മുടെ കൂട്ടമായ പ്രവർത്തനത്തിൻെറ ഫലമായി അസോസിയേഷൻെറ സ്ഥാപക മെമ്പർമാരായ സി.എ. കുമാരൻ, എം. ഗോപാലൻ, എം.ടി. കുമാരൻ നായർ, കെ.സി. രാമൻകുട്ടി എന്നീ മെമ്പർമാർ നമ്മുടെ യൂനിയനിൽ മെമ്പർമാരായി ചേർന്നിട്ടുണ്ട്. അതൊരു വമ്പിച്ച നേ

ട്ടമായി നമ്മാം കണക്കാക്കുന്നു. കൂടാതെ പുതുതായി *PSC* മുഖേന വന്ന ഡ്രൈവർമാരിൽ 95%വും നമ്മുടെ യൂനിയനിൽ മെമ്പർ മാരായി ചേർന്നിട്ടുണ്ട്.

## മററു പ്രശ്നങ്ങൾ

നമ്മുടെ മെമ്പറായ ശ്രീ. എൻ. മോയിൻ എന്ന ഡ്രൈവർ കേൻസർരോഗം പിടിപെട്ട് വെല്ലൂർ ആശുപത്രിയിൽ ചികിത്സയിൽ കിടപ്പായതിനാൽ യൂനിയൻ മെമ്പർമാരിൽ നിന്ന് ഏതാണ്ട് 800 രൂപയും കഴിഞ്ഞ ബോണസ് കിട്ടിയപ്പോൾ മററുള്ളവരിൽ നിന്നുമായി ഏതാണ്ട് 2000രൂപയും പിരിച്ചെടുത്ത് ആശ്രിതന്റെ കുടുംബത്തിന് എത്തിച്ചു കൊടുക്കുവാൻ സാധിച്ചിട്ടുണ്ട്.

ഏക്സിഡണ്ടുകൾക്ക് വിധേയമായ എം. അശോകൻ, വി പി. പ്രഭാകരൻ, കെ. കെ. അബ്ദുറംകാദർ, പി. ചേക്കു, എ. കെ അബ്ദുറംറസാക്ക്, എം. പി. ഉസൈൻകുട്ടി എന്നിവർക്ക് യൂനിയൻ തക്ക സമയങ്ങളിൽ ഇടപെട്ട് വേണ്ടതായ സാമ്പത്തിക സഹായ സഹകരണങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ട്. കൂടാതെ ശ്രീ. വി. പി. പ്രഭാകരന് യൂനിയൻ പിരിവെടുത്ത് കൊടുക്കുകയും ചെയ്യുകയുണ്ടായി.

ഈ യൂനിററിൽ നടപ്പുവഷത്തിൽ 25 മൈനർ ഏക്സിഡണ്ടുകളും 2 മേജർ ഏക്സിഡണ്ടുകളും ഉണ്ടായിട്ടുണ്ട്. അതിനെല്ലാം തന്നെ യൂനിയൻ തക്ക സമയത്ത് വേണ്ട കാര്യങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ട്. മാത്രമല്ല, നമ്മുടെ മെമ്പർമാരുടെ കുടുംബത്തിൽ വല്ല അപായങ്ങളോ, മരണങ്ങളോ സംഭവിച്ചാൽ യൂനിയൻ ഭാരവാഹികൾ വീടുകളിൽ പോയി അവരുടെ ദു:ഖത്തിൽ പങ്കുചേരുകയും ചെയ്തിട്ടുണ്ട്. നമ്മുടെ ബഹുമാനപ്പെട്ട സ്റ്റെയിററ് വൈസ് പ്രസിഡണ്ടിന്റെ മകളുടെ വിവാഹത്തിന് വേണ്ടി യൂനിയന്റെ വക ചെറിയതോതിലുള്ള പാരിദോഷികം കൊടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അതിൽ ഞങ്ങൾ കൂടുതൽ സന്തോഷവന്മാരാകുന്നു.

കുറെ കാലമായി പഴയതായ ബസ്സുകളെ കൊണ്ട് ബത്തേരി-തിരുവനന്തപുരം എക്സ്പ്രസ്സ് സർവ്വീസ് കോർപറേഷൻ നടത്തുന്നു. എന്നാൽ തൊഴിലാളികളുടെയും യാത്രക്കാരുടെയും വിഷമതകൾ യൂനിയൻ മനസ്സിലാക്കുകയും മററു യൂനിയനുകളുടെ ഉപരിയായി നമ്മാം കഴിഞ്ഞ ജനവരി 5-ാം തിയ്യതി മുതൽ പുതിയ ബസ്സുകൾ ബത്തേരിയിൽ എക്സ്പ്രസ്സിനു വേണ്ടി തന്നില്ലെങ്കിൽ സർവ്വീസ് ബഹിഷ്കരിക്കുമെന്നു നോട്ടീസ് കൊടുക്കുകയും ചെയ്യുകയുണ്ടായി. അതിനെ തുടന്നു മാനേജ്മെൻറിന്റെ ഭാഗത്തുനിന്നു്

യാതൊരു നീക്കവും കാണാത്തതു കൊണ്ട് പ്രസ്തുത സർവ്വീസ് നമ്മൾ ഓടിക്കാതിരിക്കുകയും ചെയ്തു. ഇപ്പോഴും സർവ്വീസ് നടത്താതിരിക്കുകയാണ്.

ഈ കൊല്ലത്തെ എൻെറ പ്രവർത്തനങ്ങൾക്ക് എന്നോടൊപ്പം സഹകരിച്ച പ്രവർത്തിച്ച വൈസ് പ്രസിഡണ്ട്, ഖജാൻജി, ജോയൻറ് സെക്രട്ടറിമാർ, എക്സിക്യൂട്ടീവ് മെമ്പർമാർ മററു സഹപ്രവർത്തകരോടും എൻെറ അകൈതവമായ കൃതജ്ഞത പ്രകടിപ്പിച്ചു കൊള്ളുന്നു. തൻെറ ജോലി തിരക്കിനിടയിലും നമ്മുടെ യൂനിയൻെറ കാര്യങ്ങൾ പ്രത്യേകം ശ്രദ്ധ ചെലുത്തി പോന്ന നമ്മുടെ ഡിസ്ട്രിക്ട് പ്രഡിഡണ്ട് അഡ്വ: സി. സി. മാത്യു അവർകൾക്കും എൻെറ ഹൃദയംഗമായ കൃതജ്ഞത രേഖപ്പെടുത്തുന്നു. നമ്മുടെ യൂനിയൻെറ അഭിവൃദ്ധിക്കുവേണ്ടി അഹോരാത്രം പാടുപെട്ടുകൊണ്ടിരിക്കുന്ന ഈ യൂനിയൻെറ നെടുംതൂണായ സംസ്ഥാന പ്രസിഡണ്ട് സർവ്വ ശ്രീ. ആർ. ബാലകൃഷ്ണപിള്ള അവർകളും ജനറൽ സെക്രട്ടറി സ്റ്റെയിററ് ജോയൻറ് സെക്രട്ടറി K. A.ജോർജ്ജ് Sr അവർകൾക്കും ഈ യൂനിയൻെറ അഭിവൃദ്ധിക്കുവേണ്ടി പ്രവർത്തിച്ചിട്ടുണ്ട് എന്നുള്ളത് പ്രത്യേകം ശ്രദ്ധേയമാണ്.

നമ്മുടെ യൂനിററിൽ നിന്നു് സെക്രട്ടറി എന്തു പ്രശ്നങ്ങൾക്കും H o യെ സമീപിച്ചാൽ യാതൊരു വീഴ്ചയും കൂടാതെ നിറവേററിതന്നുകൊണ്ട് ബത്തേരി യൂനിററിൻെറ പുരോഗതിക്ക് കാരണഭൂതനായ നമ്മുടെ ഇപ്പോഴത്തെ സംസ്ഥാന പ്രസിഡണ്ടായ എം. എ ബേബി അവർകൾക്കും എൻെറ ഹൃദയംഗമായമായ നന്ദി രേഖപ്പെടുത്തികൊണ്ട് ഈ റിപ്പോർട്ട് നിങ്ങളുടെ അംഗീകാരത്തിനായി ഞാൻ സമർപ്പിച്ചുകൊള്ളുന്നു.

എന്നു്,

**സെക്രട്ടറി**

കെ. എസ്സ്. ടി. ഡ്രൈവേഴ്സ് യൂനിയൻ

സുൽത്താൻബത്തേരി.

സുൽത്താൻബത്തേരി,

18-4-83.

## വരിസംഖ്യ വകയിൽ വരവ് ചിലവ് കണക്ക് 1981-82 ലെ ബാക്കി നീക്കിയിരുപ്പ് 55.00

| ആണ്ട് മാസം | വരവ് | ചെലവ് | ആകെ വരവ് | കഴിച്ച് ബാക്കി |
|---|---|---|---|---|
| 30.4.82 | 598.00 | 265.00 | 653.00 | 388.00 |
| 31.5.82 | 161.00 | 215.00 | 549.00 | 334.00 |
| 30.6.82 | 814.00 | 571.00 | 1148.00 | 577.00 |
| 31.7.82 | 152.00 | 115.00 | 675.00 | 560.00 |
| 31.8.82 | 1840.00 | 1302.80 | 2400.00 | 1097.20 |
| 30.9.82 | 406.00 | 1214.50 | 1503.20 | 288.70 |
| 31.10.82 | 537.00 | 293.75 | 825.70 | 531.95 |
| 30.11.82 | 618.00 | 547.50 | 1419.95 | 602.45 |
| 31.12.82 | 116.50 | 137.50 | 718.95 | 581.45 |
| 31.1.83 | 161.00 | 262.95 | 742.45 | 479.50 |
| 28.2.83 | 153.00 | 275.50 | 732.50 | 457.00 |

## ആക്സിഡണ്ട് ഫണ്ട് വരവ് ചിലവ് കണക്കുകൾ

| ആണ്ട് മാസം | വരവ് | ചെലവ് | ആകെ വരവ് | കഴിച്ച ബാക്കി |
|---|---|---|---|---|
| 30.4.82 | 172.00 | 90.00 | 172.00 | 82.00 |
| 31.5.82 | 160.00 | 60.00 | 242.00 | 182.00 |
| 30.6.82 | 134.00 | — | 316.00 | 316.00 |
| 31.7.82 | 152.00 | 230.00 | 468.00 | 238.00 |
| 31.8.82 | 222.00 | 313.00 | 460.00 | 147.00 |
| 30.9.82 | 171.00 | 65.00 | 318.00 | 253.00 |
| 31.10.82 | 143.00 | 20.00 | 396.00 | 376.00 |
| 30.11.82 | 234.00 | 95.00 | 610.00 | 515.00 |
| 31.12.82 | 116.50 | 95.00 | 631.60 | 536.50 |
| 31.1.83 | 161.00 | 100.00 | 697.50 | 597.50 |
| 28.2.83 | 193.00 | 145.00 | 790.50 | 645.50 |

# പശ്ചിമഘട്ടം — ഇക്കോളജിയും പരിസ്ഥിതി പ്രശ്നങ്ങളും

## സെമിനാർ

പ്രകൃതി സംരക്ഷണസമിതി (കേരള), കോഴിക്കോട്

### കാര്യപരിപാടി

സ്ഥലം: ടൗൺഹാൾ, കോഴിക്കോട്

31—5—1983 ചൊവ്വ

| | | |
|---|---|---|
| 10-30 — 12-30 | : | **ഉദ്ഘാടനസമ്മേളനം** |
| സെമിനാറിനെപ്പററി | : | ശ്രീ. എം. പി. വീരേന്ദ്രകുമാർ (പ്രസിഡണ്ട്) |
| അധ്യക്ഷപ്രസംഗം | : | ശ്രീ. കെ. എൻ. നാരായണൻനായർ (മേയർ, കോഴിക്കോട്) |
| ഉദ്ഘാടനം | : | ശ്രീ. യോഗേന്ദ്ര മകവാന (കേന്ദ്ര കൃഷി—വനകാര്യ സഹമന്ത്രി) |
| ആശംസകൾ | : | ശ്രീ. കെ. കരുണാകരൻ (കേരള മുഖ്യമന്ത്രി)<br>ശ്രീ. ജീവിജയ (കർണ്ണാടക വനസഹമന്ത്രി) |
| കൃതജ്ഞത | : | ശ്രീ. പി. വി. ചന്ദ്രൻ |
| 2-30 — 4-30 | : | **ഇക്കോളജിയും സംസ്കാരവും** |
| അധ്യക്ഷൻ | : | ശ്രീ. എം. ഗോവിന്ദൻ |
| പ്രബന്ധങ്ങൾ | : | ഡോ. ഉല്ലാസ് കാരന്ത്<br>ഡോ. കെ. ടി. വിജയമാധവൻ<br>ജ: മുട്ടാണിശ്ശേരി കോയക്കുട്ടി<br>ഡോ. സി. കെ. രാമചന്ദ്രൻ |
| 5-30 — 7-30 | : | **പൊതു സമ്മേളനം** |
| അധ്യക്ഷൻ | : | പ്രൊഫ. സുകുമാർ അഴീക്കോട് |
| ഉദ്ഘാടനം | : | ശ്രീ. സി. അച്ചുതമേനോൻ |

(P T O)

പ്രസംഗങ്ങൾ : ശ്രീ. മൂക്കോത്ത് കുഞ്ഞപ്പ
(മലയാള മനോരമ)
ശ്രീ. വി. എം. കോറാത്ത്
(മാതൃഭൂമി)
ശ്രീ. പി. കെ. രഘുപതി
(എക്സ്പ്രസ്സ്)
ശ്രീ. എം. മധുസൂദനൻ
(കേരള കൗമുദി)
ശ്രീ. എം. ഡി. നാലപ്പാട്ട്
ശ്രീ. പി. എം. പത്മനാഭൻ

**1—6—1983 ബുധൻ**

9-30 — 12-30 : **പശ്ചിമഘട്ടം— ഇക്കോളജീയ പ്രശ്നങ്ങൾ**

അധ്യക്ഷൻ : ഡോ. ആർ. ഗോപാലകൃഷ്ണൻ (CWRDM)

ഉദ്ഘാടനം : ശ്രീ. ദിഗ്‌വിജയ്സിംഗ്
(കേന്ദ്ര പരിസരകാര്യ സഹമന്ത്രി)

പ്രബന്ധങ്ങൾ : പ്രൊഫ. മാധവ് ഗാഡ്ഗിൽ
ഫാ. സി. ജെ. സൽദാനാ
ഡോ. എസ്. സതീഷ്ചന്ദ്രൻ നായർ
പ്രൊഫ. എം.കെ. പ്രസാദ്
ഡോ. എം.പി. പരമേശ്വരൻ

2-00 — 2-30 : **പ്രതികരണങ്ങൾ**

പങ്കെടുക്കുന്നത് : ശ്രീ. വി. കെ. മാധവൻകുട്ടി
ശ്രീ. എൽ. എൻ. രങ്കനാഥൻ
ഡോ. എ. അച്യുതൻ
ഡോ. എസ്.എൻ. നാഗരാജൻ

2.30—4.00: ഗ്രൂപ്പ് ചർച്ച
4.00—5.00: പ്ലീനറി
5.30—7.30: കവിയരങ്ങ്

അധ്യക്ഷൻ : ശ്രീ. എൻ. വി. കൃഷ്ണവാരിയർ

പങ്കെടുക്കുന്നവർ : ശ്രീമതി സുഗതകുമാരി
ശ്രീ. വിഷ്ണുനാരായണൻ നമ്പൂതിരി
ശ്രീ. എൻ.എൻ. കക്കാട്
ശ്രീ. കുഞ്ഞുണ്ണിമാസ്റ്റർ
ശ്രീ. കടമ്മനിട്ട

കൃതജ്ഞത : ശ്രീ. തിക്കോടിയൻ

# കേരള പരിസരദിനാചരണം 1983

## വയനാട്ട ജില്ലയിൽ

**വയനാട്ടിലെ നേച്ചർക്ലബ്ബുകൾ,**
**പ്രകൃതിസംരക്ഷണസമിതി വയനാടു്,**
**സൊസൈററി ഫോർ എൻവയോൺമെൻറൽ**
**എജ്യൂക്കേഷൻ ഇൻ കേരളാ**
**ഇവയുടെ ആഭിമുഖ്യത്തിൽ**

കേന്ദ്രസർക്കാരിൻെറ പരിസരവിഭാഗത്തിൻെറ
സഹകരണത്തോടെ

1983 സെപ്തംബർ 17, 18 .... മാനന്തവാടി
,, ,, ~~24 .... മേപ്പാടി~~
,, ,, ൨൪, 25 .... കല്പററ
,, ഒക്ടോബർ 1, 2 .... പുല്പള്ളി
,, ,, 8, 9 .... സുൽത്താൻബത്തേരി

പ്രദർശനം, പൊതുയോഗം, സ്ളൈഡ് ഷോ/ഫിലിം ഷോ,
സിമ്പോസിയം, വിദ്യാർത്ഥികൾക്കു് മത്സരങ്ങൾ

മാന്യസുഹൃത്തേ!

മരിക്കാൻ വിധിക്കപ്പെട്ടവരാണ് നാം. 60,000-ൽപരം ആണവായുധങ്ങൾ വിവിധ വൻകിടരാഷ്ട്രങ്ങളും ചില ചെറുകിടരാഷ്ട്രങ്ങളും സംഭരിച്ചിട്ടുണ്ട്. ഇവയിലൊരു ചെറുഭാഗംമതി സർവ്വജീവജാലങ്ങളെയും കൊന്നൊടുക്കുവാൻ. ഏതുനിമിഷവും ഇതു സംഭവിക്കാം. ഇതിനുപുറമെയാണ് ഇഞ്ചിഞ്ചായി വന്നുചേരുന്ന മരണം. പരിസരമലിനീകരണം, പരിസരനശീകരണം, ജലക്ഷാമം, മണ്ണൊലിപ്പ്, വെള്ളപ്പൊക്കം, പട്ടിണി ഇവയെല്ലാം മനുഷ്യൻെറ നിലനില്പിന്നു് മഹാഭീഷണിയായി മാറിക്കൊണ്ടിരിക്കുകയാണ്.

നാശം എങ്ങിനെയുള്ളതായാലും അതിനു് ഒരേ കാരണമാണുള്ളതു്—മനുഷ്യനു് പ്രകൃതിയോടുള്ള തെററായ സമീപനം! തൻെറ സുഖത്തിനും ആഡംബരത്തിനുംവേണ്ടി എങ്ങിനെയും എടുത്തുകയ്യാളാവുന്നതും കീഴടക്കേണ്ടതും പിന്നീടു് വലിച്ചെറിയാവുന്നതുമായ സുഖഭോഗവസ്തുവാണ് പ്രകൃതി എന്നു് അവൻ തെററായി ധരിച്ചുപോയി. പ്രകൃതിയുടെ ഭാഗംതന്നെയാണ് താനെന്നും ഇവിടെ പരിണമിച്ചുണ്ടായതാണ് തൻെറ കുലമെന്നും അവൻ മറന്നു. പ്രകൃതിയോടുണ്ടായ തെററായ ഈ സമീപനം തന്നെയാണ് അവനു് തൻെറ സഹജീവികളെ ചൂഷണം ചെയ്യുവാനും കൊന്നൊടുക്കുവാനും ഉൾപ്രേരണ നല്കിപ്പോന്നിട്ടുള്ളതും. മനുഷ്യൻെറ നിലനില്പിനു നേരെയുള്ള എല്ലാ ഭീഷണികൾക്കും കാരണവും ഇതുതന്നെ.

കേരളം അതിമനോഹരമായിരുന്നു; വിഭവസമൃദ്ധമായിരുന്നു; ഐശ്വര്യപൂർണ്ണമായിരുന്നു. എന്നാൽ മനുഷ്യൻെറ അത്യാഗ്രഹം ഇവിടുത്തെ പ്രകൃതിയെ അതിവേഗം നശിപ്പിച്ചു. വായുവിലും ജലത്തിലും വിഷം കലർത്തി. വനനശീകരണംമൂലം വരൾച്ച, മണ്ണൊലിപ്പ്, വെള്ളപ്പൊക്കം, കൃഷിനാശം എന്നീ കെടുതികൾ സർവ്വസാധാരണമായിരിക്കുന്നു. സാധാരണക്കാരൻ ഇവിടെ വെന്തുനീറുകയാണ്. 'എന്തുചെയ്യും? എവിടെ പോകും?' ഈ ചോദ്യങ്ങൾ ഇന്നു് എല്ലാവരേയും അലട്ടുന്നു.

കേരളത്തെ രക്ഷിക്കുവാൻ ഇനിയും നമുക്കു കഴിയും. നമ്മുടെയും നമ്മുടെ പിഞ്ചുകുഞ്ഞുങ്ങളുടെയും ഭാവി കൂടുതൽ ഇരുളടയാതിരിക്കാൻ നമുക്കു് മാർഗ്ഗമുണ്ടു്. ഉണർന്നെഴുന്നേററ് പ്രവർത്തിക്കണമെന്നുമാത്രം. മുദ്രാവാക്യങ്ങളും പരസ്പരഭീഷണികളുമല്ല, പ്രവൃത്തിയാണിന്നു് ആവശ്യം — ശാസ്ത്രീയതത്വങ്ങളിലധിഷ്ഠിതമായ പ്രവൃത്തി!

ഒരുകാലത്തു് കേരളത്തിലെ ഏററവുമധികം പ്രകൃതിസൗഭാഗ്യങ്ങൾ നിറഞ്ഞിരുന്നതും ഇന്നു് പ്രകൃതിനശീകരണംമൂലം ജനജീവിതം ദുരിതപൂർണ്ണമായിരിക്കുന്നതുമായ വയനാടുജില്ലയിൽവെച്ച് കഴിഞ്ഞ പത്തുകൊല്ലത്തിലേറെയായി പരിരക്ഷണവിദ്യാഭ്യാസരംഗത്തു് പ്രവർത്തിച്ചുപോരുന്ന 'സൊസൈററി ഫോർ എൻവയൺമെൻറൽ എജ്യൂക്കേഷൻ ഇൻ കേരളാ' (സീക്ക്) വയനാട്ടിലെ നേച്ചർക്ലബ്ബുകളുടെയും വയനാടു പ്രകൃതിസംരക്ഷണസമിതിയുടെയും സഹകരണത്തോടെ, ഒരു മാസക്കാലം നീണ്ടുനില്ക്കുന്ന പരിസരദിനാചരണം നടത്തുകയാണ്. പൊതുജനങ്ങളിൽ പ്രകൃതിയെയും മനുഷ്യനെയും പററിയുള്ള ശാസ്ത്രീയബോധം ഉളവാക്കാനുതകുന്ന പരിപാടികളിൽ താങ്കളുടെയും സുഹൃത്തുക്കളുടെയും സഹകരണം ഉണ്ടാകണേ എന്നു് പ്രാർത്ഥിക്കുന്നു.

പ്രൊഫ. ജോൺ സി. ജേക്കബ്
സീക്ക്, എടാട്ട് 670 327

# പരിപാടികൾ

എല്ലാ കേന്ദ്രങ്ങളിലും സീക്കിന്റെ 'മനുഷ്യനും പരിസരവും' എന്ന പ്രദർശനം ഉണ്ടായിരിക്കും. പ്രവേശനം സൗജന്യമാണ്. 'സൂചീമുഖി' മാസികക്കു് വരിസംഖ്യ സ്വീകരിക്കുന്നതുമാണ്.

## മാനന്തവാടി: ഗവ. അപ്പർ പ്രൈമറി സ്കൂൾ

സെപ്തം. 17 ശനി : 10 മുതൽ 4 വരെ: 'മനുഷ്യനും പരിസരവും' പ്രദർശനം
4 മുതൽ 6 വരെ: പൊതുയോഗം
6 മുതൽ 8 വരെ: ഫിലിംഷോ/ സ്ലൈഡ്ഷോ

സെപ്തം. 18 ഞായർ : 10 മുതൽ 6 വരെ: 'മനുഷ്യനും പരിസരവും' പ്രദർശനം

## മേപ്പാടി:

സെപ്തം. 24 ശനി : 10 മുതൽ 4 വരെ: 'മനുഷ്യനും പരിസരവും' പ്രദർശനം
4 മുതൽ 6 വരെ: പൊതുയോഗം
6 മുതൽ 8 വരെ: ഫിലിംഷോ/ സ്ലൈഡ്ഷോ

## കൽപ്പററ:

സെപ്തം. 25 ഞായർ : 10 മുതൽ 4 വരെ: 'മനുഷ്യനും പരിസരവും' പ്രദർശനം
4 മുതൽ 6 വരെ: പൊതുയോഗം
6 മുതൽ 8 വരെ: ഫിലിംഷോ/ സ്ലൈഡ്ഷോ

## പുൽപ്പള്ളി: വിജയാ ഹൈസ്കൂൾ

ഒക്ടോ. 1 ശനി : 10 മുതൽ 4 വരെ: 'മനുഷ്യനും പരിസരവും' പ്രദർശനം
4 മുതൽ 6 വരെ: പൊതുയോഗം
6 മുതൽ 8 വരെ: ഫിലിംഷോ/ സ്ലൈഡ്ഷോ

ഒക്ടോ. 2 ഞായർ : 10 മുതൽ 6 വരെ: 'മനുഷ്യനും, പരിസരവും' പ്രദർശനം

## സുൽത്താൻബത്തേരി: അസംപ്ഷൻ സ്കൂൾ

### സമാപന പരിപാടികൾ

ഒക്ടോ. 8 ശനി : 10 മുതൽ 6 വരെ: 'മനുഷ്യനും പരിസരവും' പ്രദർശനം

10 മുതൽ 5 വരെ: മത്സരങ്ങൾ (വിദ്യാർത്ഥികൾക്ക്)

6 മുതൽ 8 വരെ: ഫിലിംഷോ

ഒക്ടോ. 9 ഞായർ : 10 മുതൽ 6 വരെ: 'മനുഷ്യനും പരിസരവും' പ്രദർശനം

10 മുതൽ 1 വരെ<br>2 മുതൽ 3 വരെ } സിമ്പോസിയം

'വയനാടിന്റെ പാരിസ്ഥിതിക പ്രശ്നങ്ങൾ.' പ്രശസ്ത ശാസ്ത്രജ്ഞന്മാർ പങ്കെടുക്കും.

4 മുതൽ 6 വരെ: പൊതുയോഗം; കലാപരിപാടികൾ

## വിദ്യാർത്ഥികൾക്ക് മത്സരങ്ങൾ

- അപ്പർ പ്രൈമറി, ഹൈസ്കൂൾ, കോളജ് വിഭാഗങ്ങളിലായി മത്സരങ്ങൾ നടത്തി വിജയികൾക്ക് സമ്മാനങ്ങൾ നല്കുന്നു.
- 5, 6, 7 ക്ലാസ്സുകാരാണ് അപ്പർ പ്രൈമറി വിഭാഗത്തിൽ. 8, 9, 10 ക്ലാസ്സുകാർ ഹൈസ്കൂൾ വിഭാഗത്തിലും. S. S. L. C. യ്ക്കു ശേഷം പഠനം തുടരുന്നവരെ കോളജ് വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ബിരുദാനന്തര വിദ്യാർത്ഥികൾക്ക് പ്രവേശനമില്ല.

## ഉപന്യാസം

*വിഷയം:* അപ്പർ പ്രൈമറി: എന്റെ പരിസരം
ഹൈസ്കൂൾ: പരിസരസംരക്ഷണവും ഞാനും
കോളജ്: പ്രകൃതിസംരക്ഷണവും
മനുഷ്യന്റെ നിലനില്പും

33 × 21 സെ. മീ. വലുപ്പമുള്ള വെള്ളക്കടലാസിൽ 12 പേജിൽ കൂടരുത്. ഉപന്യാസത്തോടൊപ്പം മറ്റൊരു കടലാസിൽ പേര്, പൂർണ്ണമായവീട്ടുമേൽവിലാസം, പഠിക്കുന്ന ക്ലാസ്സ്, വിദ്യാലയത്തിന്റെ പേര് ഇവയെഴുതി വിദ്യാലയത്തിന്റെ തലവൻ സാക്ഷ്യപ്പെടുത്തിയിരിക്കണം. ഉപന്യാസത്തിൽ ഇവയൊന്നും എഴുതരുത്. **ഇവിടെ കിട്ടേണ്ട അവസാന തീയതി 31-10-83**

മേൽവിലാസം: പ്രസിഡണ്ട്,
സീക്ക്,
എടാട്ട് 670 327.

## ചിത്രരചന

ബത്തേരി അസംപ്ഷൻ വിദ്യാലയം: ഒക്ടോ. 8 ശനി: 10 മണി മുതൽ 1 മണി വരെ

*വിഷയം:* **ഞാനും എന്റെ പരിസരവും/ വന്യജീവിതം എന്റെ നാട്ടിൽ**

പെൻസിൽ, ചായപ്പെൻസിൽ, ക്രയോൺ, വോട്ടർക്കളർ ഇവ ഉപയോഗിക്കാം. കടലാസ് ഞങ്ങൾ തരും. മറ്റു സാമഗ്രികൾ കൊണ്ടുവരണം.

## പ്രസംഗം

ബത്തേരി അസംപ്ഷൻ വിദ്യാലയം: ഒക്ടോ. 8 ശനി: 2 മണി മുതൽ 4 മണി വരെ

എല്ലാ വിഭാഗക്കാർക്കും: *വിഷയം:* **വനം നിലനില്പിനു്/ മലിനീകരണമെന്ന വിപത്തു്**

മത്സരത്തിനു 10 മിനിററു മുമ്പേ വിഷയം നറുക്കിട്ടെടുക്കും.

## ക്വിസ്

ബത്തേരി അസംപ്ഷൻ വിദ്യാലയം: ഒക്ടോ. 8 ശനി: 4 മണി മുതൽ 5 മണി വരെ

**പ്രകൃതി, പരിസരം, മനുഷ്യൻ** ഇവയെ സംബന്ധിച്ചുള്ള ചോദ്യങ്ങളായിരിക്കും. പത്രമാസികകളിൽനിന്നും പുസ്തകങ്ങളിൽ നിന്നും അനുഭവങ്ങളിൽനിന്നും ലഭിക്കാവുന്ന അറിവായിരിക്കും പരീക്ഷിക്കപ്പെടുന്നതു്.

## ശ്രദ്ധിക്കുക

1. മത്സരം തുടങ്ങുന്നതിനു് അരമണിക്കൂർ എങ്കിലും നേരത്തെ കൗണ്ടറിലെത്തി പേരു് രജിസ്റ്റർ ചെയ്തു് നമ്പർ വാങ്ങേണ്ടതാണു്.

2. പേരു്, ക്ലാസ്, വിദ്യാലയത്തിന്റെ പേരു്, പൂർണ്ണമായ വീട്ടുമേൽവിലാസം ഇവ എഴുതി സാക്ഷ്യപ്പെടുത്തിയ കടലാസുകൾ വിദ്യാലയത്തിന്റെ മേലധികാരിയിൽനിന്നു് വാങ്ങിക്കൊണ്ടുവരേണ്ടതാണു്. ഇതു് കൊണ്ടുവരാത്തവരെ മത്സരങ്ങളിൽ പങ്കെടുപ്പിക്കുകയില്ല.

3. നിഷ്പക്ഷരായ ജഡ്ജിമാരായിരിക്കും വിജയികളെ കണ്ടെത്തുന്നതു്. അവരുടെ തീരുമാനം അന്തിമമായിരിക്കും.

4. ഉപന്യാസത്തിനുള്ള സമ്മാനം തപാൽമാർഗ്ഗമായി അയച്ചുതരും. മറ്റു മത്സരങ്ങളുടെ സമ്മാനങ്ങൾ ഒക്ടോബർ 9-ാം തീയതി നടക്കുന്ന പൊതുയോഗത്തിൽ വെച്ചു് വിതരണം ചെയ്യുന്നതാണു്.

പ്രസിഡണ്ടു്: സീക്കു്, എടാട്ടു് 670 327

---

വായിക്കുക, പഠിക്കുക, ചർച്ച ചെയ്യുക, പ്രയോഗത്തിൽ വരുത്തുക

# സൂചീമുഖി

**മലയാളത്തിലെ ഏക പരിസ്ഥിതിവിദ്യാഭ്യാസ മാസിക**

വാർഷിക വരിസംഖ്യ 12 രൂപാ

– മാനേജിംഗ് എഡിറ്റർ
സൂചീമുഖി, എടാട്ടു് 670 327

സീയാറെം പ്രിന്റേഴ്സ്, പാലാ.

★ പ്രകൃതി സംരക്ഷണ സമിതി ★

# മേപ്പാടി പഞ്ചായത്ത് കൺവെൻഷൻ

വയനാട്ടിലെ ജനജീവിതം വഴിമുട്ടിനിൽക്കുന്നു. മഴയില്ല, വെള്ളമില്ല, പ്രാണവായുവിനുപോലും ക്ഷാമം! പ്രകൃതിയുടെ സമതുലിതാവസ്ഥ നഷ്ടപ്പെടുത്തുന്ന തരത്തിലുള്ള നശീകരണപ്രവർത്തനങ്ങളെ തടയാൻ ജനശക്തി ഉണരേണ്ടിയിരിക്കുന്നു. പ്രിയസുഹൃത്തുക്കളെ ഈ നശീകരണ ശക്തികളെ ഒററപ്പെടുത്താൻ 1983 മെയ് 16-ന് മേപ്പാടി ഗവ: ഹൈസ്കൂൾ ഗ്രൗണ്ടിൽവച്ച് നടക്കുന്ന കൺവൻഷനിൽ താങ്കളെ ക്ഷണിക്കുന്നു. യോഗത്തിൽ അദ്ധ്യ: സി.സി. മാത്യു (പ്രസിഡൻറ് വയനാട് പ്രകൃതി സംരക്ഷണസമിതി) ശ്രീ എൻ. ബാദുഷ ശ്രീ പി. മോഹൻബാബു (പ്രസിഡൻറ് ബത്തേരി ജേസീസ്) എന്നിവർ പങ്കെടുക്കുന്നു.

സഹകരണങ്ങളും പ്രതീക്ഷിച്ചുകൊണ്ട്

എം.സി. പത്മരാജ്
കൺവീനർ
പ്രകൃതി സംരക്ഷണസമിതി

മേപ്പാടി, വൈകു 5 P.m
12-5-1983.

പങ്കെടുക്കുക! വിജയിപ്പിക്കുക!!

TO OPEN CUT HERE

INLAND LETTER CARD

अन्तर्देशीय पत्र कार्ड

PIN

FIRST FOLD

SECOND FOLD

THIRD FOLD

SENDER'S NAME AND ADDRESS

NO ENCLOSURES ALLOWED

സുഹൃത്തേ,

വയനാട്ടിൽ വ്യാപകമായി നടക്കുന്ന വന നശീകരണത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് നാം ബോധവാന്മാരാണല്ലോ. വന നശീകരണത്തെ എതിർക്കുന്നതിനും ജനങ്ങളെയും സർക്കാരിനെയും വന നശീകരണ പ്രവണതയിൽനിന്നും പിന്തിരിപ്പിക്കുന്നതിനും ''വയനാട് പ്രകൃതി സംരക്ഷണസമിതി'' എന്ന പേരിൽ ഒരു സംഘടനക്ക് രൂപം കൊടുത്തിരിക്കുന്നു എന്ന വിവരം അറിയിക്കട്ടെ. സംഘടനയുടെ ആഭിമുഖ്യത്തിൽ മെയ് അവസാന വാരത്തിൽ സുൽത്താൻ ബത്തേരിയിൽവെച്ച് പ്രശസ്ത ശാസ്ത്രകാരന്മാരെയും വിദഗ്ദരെയും പങ്കെടുപ്പിച്ചുകൊണ്ട് വിപുലമായ ഒരു കൺവൻഷൻ നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു. കൺവൻഷൻ നടത്തിപ്പിന് ഒരു സ്വാഗത സംഘം രൂപീകരിക്കുന്നതിനുവേണ്ടി ഒരു യോഗം **1983 മെയ് 10ന് ചൊവ്വാഴ്ച വൈകു: 4-30ന് അസംപ്ഷൻ സ്കൂൾ ഓഡിറ്റോറിയത്തിൽ** വെച്ച്ചേരുവാൻ നിശ്ചയിച്ചിരിക്കുന്നു. താങ്കളുടെ സാന്നിദ്ധ്യം താൽപ്പര്യപ്പെടുന്നു.

എന്ന്,

**എൻ. ബാദുഷ,**<br>സെക്രട്ടറി.<br>എസ്. ബത്തേരി,<br>3—5—83.

**അഡ്വ: സി. സി. മാത്യു,**<br>പ്രസിഡണ്ട്.<br>വയനാട് പ്രകൃതി സംരക്ഷണ<br>സമിതി, എസ്. ബത്തേരി.